# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3226 — 16.12.2015-ൽ മറുപടിയ്ക്ക്

## സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി: | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തപ്പെട്ടിട്ടുണ്ടോ; അംഗത്വം ലഭിച്ച ആകെ മെമ്പർമാർ എത്ര; വ്യക്തമാക്കുമോ; | (എ) ഉണ്ട്. 6989 പേരുടെ അംഗത്വം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) പെൻഷൻ ആനുകൂല്യം നൽകുന്നതിന് വേണ്ടി 2011 ഏപ്രിൽ 1 മുതൽ 2015 മാർച്ച് 31 വരെ ബഡ്ജറ്റിൽ നീക്കിവെച്ച തുക, ചെലവഴിച്ച തുക, എന്നിവ ലഭ്യമാക്കാമോ; | (ബി) ക്ഷേമനിധി കെട്ടിപ്പടുക്കുന്നതിനായി, സാംസ്കാരിക ബമ്പർ ലോട്ടറിയിലൂടെ പിരിഞ്ഞുകിട്ടിയ തുകയുടെ അറ്റാദായത്തിൽനിന്നും 90 ലക്ഷം രൂപ 2011-12 സാമ്പത്തിക വർഷത്തിലും 51.40 ലക്ഷം രൂപ, 2012-13 സാമ്പത്തിക വർഷത്തിലും സർക്കാരിൽനിന്നും അനുവദിച്ചു നൽകിയിരുന്നു. കൂടാതെ ബോർഡിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിച്ച് പെൻഷൻ കുടിശ്ശിക നൽകുന്നതിനായി സിനിമാ സെസ്സിൽ നിന്നും വരുമാനം ലഭിക്കുമ്പോൾ തിരിച്ച് അടക്കണമെന്ന വ്യവസ്ഥയിൽ രണ്ടുകോടിരൂപ 2014-15 സാമ്പത്തിക വർഷം സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. പെൻഷൻ നൽകുന്നതിനുവേണ്ടി നാളിതുവരെ മൊത്തം 4,28,96,000/- രൂപ ചെലവായിട്ടുണ്ട്. (സർക്കാരിൽ നിന്നും ലഭിച്ച ഫണ്ടിനു പുറമേ, അംഗങ്ങളിൽനിന്നും ലഭിച്ചിട്ടുള്ള അംശദായം, ചുരുക്കം ചില തീയേറ്ററുകളിൽനിന്നും സെസ്സ് മുഖേന ലഭിച്ച വരുമാനം എന്നിവ ഉപയോഗിച്ചാണ് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകിയത്.) |
| സി) ഈ കാലയളവിൽ എത്ര പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്; കുടിശ്ശിക നിലവിലുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ? | (സി) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി പദ്ധതി നിലവിൽവന്നതിനെതുടർന്ന്, 2013 ജനുവരി മാസം മുതൽ പെൻഷൻ നൽകി വരുന്നു. പെൻഷൻ നൽകിയതു സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു. |

| ക്രമ നമ്പർ | മാസം | പെൻഷൻ ലഭിച്ചവരുടെ എണ്ണം |
|---|---|---|
| 1 | 2013 ജനുവരി | 472 പേർക്ക് |
| 2 | ഫെബ്രുവരി | 472 ,, |
| 3 | മാർച്ച് | 727 |
| 4 | ഏപ്രിൽ | 758 |
| 5 | മേയ് | 803 |
| 6 | ജൂൺ | 803 |
| 7 | ജൂലൈ | 878 |
| 8 | ആഗസ്റ്റ് | 911 |
| 9 | സെപ്റ്റംബർ | 927 |
| 10 | ഒക്ടോബർ | 946 |
| 11 | നവംബർ | 956 |
| 12 | ഡിസംബർ | 1069 |
| 13 | 2014 ജനുവരി | 1143 |
| 14 | ഫെബ്രുവരി | 1157 |
| 15 | മാർച്ച് | 1257 |
| 16 | ഏപ്രിൽ | 1354 |
| 17 | മേയ് | 1438 |
| 18 | ജൂൺ | 1482 |
| 19 | ജൂലൈ | 1479 |
| 20 | ആഗസ്റ്റ് | 1478 |
| 21 | സെപ്റ്റംബർ | 1477 |
| 22 | ഒക്ടോബർ | 1476 |
| 23 | 2015 ഏപ്രിൽ | 1470 |
| 24 | മേയ് | 1465 |
| 25 | ജൂൺ | 1463(2014 നവംബർ-ഡിസംബർ മാസങ്ങളിലെ കുടിശ്ശിക സഹിതം) |
| 26 | ജൂലൈ | 1461 |
| 27 | ആഗസ്റ്റ് | 1458 (2015 ജനുവരി - ഫെബ്രുവരി മാസങ്ങളിലെ കുടിശ്ശിക സഹിതം) |
| 28 | സെപ്റ്റംബർ | 1572 |
| 29 | ഒക്ടോബർ | 1568 |
| 30 | നവംബർ | 1567 |
| 31 | ഡിസംബർ | 1567 |

2014 നവംബർ മുതൽ 2015 മാർച്ച് വരെ മുടങ്ങിയിരുന്ന പെൻഷന്റെ നാലുമാസത്തെ കുടിശ്ശിക നൽകി കഴിഞ്ഞു. ഒരു മാസത്തെ പെൻഷൻ കുടിശ്ശികയുണ്ട്. കുടിശ്ശിക നൽകുന്നതിനാവശ്യമായ ഫണ്ടില്ലാത്തതിനാലാണ് അവ നൽകാൻ കഴിയാത്തത്.

Deep

സെക്ഷൻ ഓഫീസർ